## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3853** **06-08-2021 - ൽ മറുപടിയ്ക്ക്**

## കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | കവളങ്ങാട് -വാരപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുടമുണ്ട ചെക്ക് ഡാം കം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിയുമായി മുന്നോട്ട് പോയപ്പോൾ വാരപ്പെട്ടി ഭാഗത്തെ അപ്രോച്ച് റോഡ് പഴയ പൊതുമരാമത്ത് റോഡുമായി ചേരുന്ന ഭാഗത്ത് ഡിപ്പാർട്ടുമെന്റ് സ്വകാര്യ വ്യക്തിയുടെ സ്ഥലം കയ്യേറി എന്നാരോപിച്ച് പ്രസ്തുത വ്യക്തി ബഹു. മുൻസിഫ് കോടതിയിൽ ഒ.എസ്. 104/2016 എന്ന നമ്പറിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് കോടതി നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് സർവ്വെയർ കോടതി തന്നെ ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തി. താലൂക്ക് സർവ്വെയർ അളന്നതനുസരിച്ച് സ്വകാര്യ വ്യക്തിയുടെ ഏകദേശം 1.18 സെന്റ് (48 M2) സ്ഥലം സർക്കാർ ഭൂമിയോട് ചേർന്നു കിടക്കുന്നതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ടി സ്ഥലം (48 M2) ഉണ്ടെങ്കിൽ മാത്രമേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനും ഇവിടെ ഒരു വെയിറ്റിങ്ങ് ഷെഡ് സ്ഥാപിക്കുന്നതിനുമായി പല്ലാരിമംഗലം വില്ലേജ് സർവേ നമ്പർ 508/4-ൽ പ്പെട്ട കെട്ടിടങ്ങൾ ഒന്നുംതന്നെയില്ലാത്ത മേൽപ്പറഞ്ഞ 48 M2 സ്ഥലം ഉൾപ്പെടെയുള്ള 190 M2 സ്ഥലം ലാൻറ് അക്വിസിഷൻ നടപടി പൂർത്തിയാക്കി സർക്കാരിലേക്ക് ഏറ്റെടുക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ കേസ് തീർപ്പാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ അപ്രോച്ച് റോഡിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നത് | (ബി) | കവളങ്ങാട് -വാരപ്പെട്ടി പഞ്ചായത്തുകളെ |

| | | | |
|---|---|---|---|
| | എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | ബന്ധിപ്പിക്കുന്ന കുടമുണ്ട ചെക്ക് ഡാം കം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിയുമായി മുന്നോട്ടു പോയപ്പോൾ വാരപ്പെട്ടി ഭാഗത്തെ അപ്രോച്ച് റോഡ് പഴയ പൊതുമരാമത്തു റോഡുമായി ചേരുന്ന ഭാഗത്ത് ഡിപ്പാർട്ടുമെന്റ് സ്വകാര്യ വ്യക്തിയുടെ സ്ഥലം കയ്യേറി എന്നാരോപിച്ച് പ്രസ്തുത വ്യക്തി ബഹു. മുൻസിഫ് കോടതിയിൽ ഒ.എസ്. 104/2016 എന്ന നമ്പറിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് കോടതി നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് സർവ്വെയർ കോടതി തന്നെ ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തി. താലൂക്ക് സർവ്വെയർ അളന്നതനുസരിച്ച് സ്വകാര്യ വ്യക്തിയുടെ ഏകദേശം 1.18 സെന്റ് (48 M2) സ്ഥലം സർക്കാർ ഭൂമിയോട് ചേർന്നു കിടക്കുന്നതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ടി സ്ഥലം (48 M2) ഉണ്ടെങ്കിൽ മാത്രമേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനും ഇവിടെ ഒരു വെയിറ്റിങ്ങ് ഷെഡ് സ്ഥാപിക്കുന്നതിനുമായി പല്ലാരിമംഗലം വില്ലേജ് സർവേ നമ്പർ 508/4-ൽ പ്പെട്ട കെട്ടിടങ്ങൾ ഒന്നുംതന്നെയില്ലാത്ത മേൽപ്പറഞ്ഞ 48 M2 സ്ഥലം ഉൾപ്പെടെയുള്ള 190 M2 സ്ഥലം ലാൻറ് അക്വിസിഷൻ നടപടി പൂർത്തിയാക്കി സർക്കാരിലേക്ക് ഏറ്റെടുക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ കേസ് തീർപ്പാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ അപ്രോച്ച് റോഡിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇത് സംബന്ധിച്ച് സെക്രട്ടേറിയറ്റിലുള്ള IR2/313/18 നമ്പർ ഫയലിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | ഐ.ആർ2/313/18-നമ്പർ ഫയലിൽ മിനിമം ലാൻഡ് അക്വിസിഷൻ നടത്തി സർക്കാർ ഭൂമിയിലൂടെ തന്നെ റോഡ് നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കോടതി നടപടികളിൽ തീർപ്പുണ്ടാകാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |
| (ഡി) | അപ്രോച്ച് റോഡ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (ഡി) | മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത പ്രസ്തുത കേസ് (നം.ഒ.എസ്.104/2016) നിലവിൽ ഒ.എസ്.215/2019 തീയതി. 07/12/2019 ആയി കോതമംഗലം മുൻസിഫ് കോടതിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വിസ്താരത്തിനായി 21/10/2021-ന് ഷെഡ്യൂൾ ചെയ്തിട്ടുള്ള പ്രസ്തുത കേസ് ഇതുവരെ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കിയിട്ടില്ല. കേസ് തീർപ്പാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | സാങ്കേതിക പ്രശ്നങ്ങളും, മറ്റ് കാലതാമസങ്ങളും ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത പ്രസ്തുത കേസ് (നം.ഒ.എസ്.104/2016) നിലവിൽ ഒ.എസ്.215/2019 തീയതി. 07/12/2019 ആയി കോതമംഗലം മുൻസിഫ് കോടതിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വിസ്താരത്തിനായി 21/10/2021-ന് ഷെഡ്യൂൾ ചെയ്തിട്ടുള്ള പ്രസ്തുത കേസ് ഇതുവരെ തീർപ്പാക്കിയിട്ടില്ല. കേസ് തീർപ്പാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ